# പതിമൂന്നാം കേരള നിയമസഭ

# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 233 — 18/02/2016- ൽ മറുപടിക്ക്

## ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സാജു പോൾ**<br>**,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ**<br>**,, എ.കെ.ബാലൻ**<br>**,, എ.പ്രദീപ്കുമാർ** | ശ്രീ.ഷിബു ബേബി ജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ മന്ത്രി) |
| എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | എ) ബി) & സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കി മാറ്റാൻ സർക്കാർ നിലവിൽ തീരുമാനിച്ചിട്ടില്ല. എന്നാൽ ഇ.എസ്.ഐ ആശുപത്രികളും ഡിസ്പെൻസറികളും വഴി നൽകിവരുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഇ.എസ്. ഐ ആക്ടിന്റെ സെക്ഷൻ 58 (5) പ്രകാരം സംസ്ഥാനതലത്തിൽ ഒരു സബ്സിഡിയറി കോർപ്പറേഷൻ/സൊസൈറ്റി രൂപീകരിക്കുന്നതിന്മേൽ കേന്ദ്രസർക്കാരിന്റെ ഇ.എസ്.ഐ കോർപ്പറേഷൻ സംസ്ഥാന സർക്കാരിനോട് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി പഠിച്ച് ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ 02/02/2016-ലെ ജി.ഒ(ആർ.റ്റി.) നം.150/2016/തൊഴിൽ പ്രകാരം ട്രെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |
| ബി) സർക്കാർ വകുപ്പിനെ സ്വയംഭരണ സ്ഥാപനമാക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | |
| സി) ഇക്കാര്യത്തിൽ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | |

| | |
|---|---|
| ഡി) സ്വയംഭരണ സ്ഥാപനമായി മാറുന്നതോടെ, നിലവിലുള്ള ഇ.എസ്.-ഐ ആനുകൂല്യം ഉൾപ്പെടെയുള്ള പദ്ധതികൾക്ക്എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വ്യക്തമാക്കുമോ; | ഡി) & ഇ) വകുപ്പിനെ സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല |
| ഇ) വകുപ്പിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

46-ാമത് ഇന്ത്യൻ ലേബർ കോൺഗ്രസിന്റെ ഇ.എസ്.ഐ.സ്കീം സംബന്ധിച്ചുള്ള ശുപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിനായി 07/08/2015-ൽ കൂടിയ ഇ.എസ്.ഐ. കോർപ്പറേഷന്റെ പ്രത്യേക മീറ്റിംഗിൽ ഇ.എസ്.ഐ കോർപ്പറേഷന്റെ ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നു.

ഇ.എസ്.ഐ സ്കീം പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിവരുന്ന മെഡിക്കൽ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ ഭരണ/ സാമ്പത്തിക അധികാരമുള്ള ഒരു സബ്സിഡിയറി കോർപ്പറേഷൻ/സൊസൈറ്റി സംസ്ഥാനതലത്തിൽ രൂപീകരിക്കുന്നതിന് ഇ.എസ്.ഐ ആക്റ്റിന്റെ സെക്ഷൻ 58 (5) ൽ പ്രൊവിഷനുള്ളതിനാൽ അപ്രകാരം രൂപീകരിക്കപ്പെടുവാൻ പോകുന്ന സംസ്ഥാനതല കോർപ്പറേഷന്റെ കരട് സ്ട്രക്ച്ചർ സംസ്ഥാന സർക്കാരുകൾക്ക് അയച്ചുകൊടുക്കുവാനും അതിന്മേൽ അഭിപ്രായം ആരായുവാനും 24/09/2015-ൽ കൂടിയ സബ് കമ്മിറ്റി മീറ്റിംഗിൽ ഇ.എസ്.ഐ കോർപ്പറേഷൻ തീരുമാനമെടുക്കുകയുണ്ടായി. അതു പ്രകാരം കേരള സർക്കാരിന് ലഭിച്ച പ്രൊപ്പോസലിന്മേൽ വിശദമായ പഠനം നടത്തി സർക്കാരിന് സമർപ്പിക്കുന്നതിനായി 02/02/2016-ലെ ജി.ഒ(ആർ.റ്റി)150/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ട്രെയിനിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഒപ്പ്)
ടി.പി. രാമകൃഷ്ണൻ